പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1673

16.06.2014-ൽ
മറുപടിയ്ക്ക്

## പുതിയ പ്രധാനമന്ത്രി മുമ്പാകെ ഉന്നയിച്ച ആവശ്യങ്ങളും ലഭിച്ച ഉറപ്പുകളും

| | ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, ജി. സുധാകരൻ<br>,, വി. ചെന്താമരാക്ഷൻ<br>,, കെ. സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പുതിയ പ്രധാനമന്ത്രി മുമ്പാകെ സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി ; വിശദമായ നിവേദനം നൽകുകയുണ്ടായോ ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) യും (ബി) യും (സി) യും (ഡി) യും | പുതിയ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ പ്രഥമ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുവാൻ അവസരമുണ്ടായില്ലെങ്കിലും, സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിന് കേന്ദ്രസർക്കാരിന്റെ പൂർണ്ണ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിന്റെ മുന്നോടിയായി 27-06-2014-ന് ചേരുന്ന കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ യോഗത്തിൽ ഉയർന്നുവരുന്ന അഭിപ്രായങ്ങൾക്കൂടി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ എത്രയും വേഗം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങളിന്മേൽ പ്രധാനമന്ത്രിയിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട് ; | | |
| (സി) | മുൻ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്ന ഏതെങ്കിലും വിഷയങ്ങൾ ഇപ്പോഴത്തെ പ്രധാനമന്ത്രിയോട് ആവശ്യപ്പെടേണ്ടതായി വന്നിട്ടുണ്ടോ ; അവ ഏതൊക്കെ ; | | |
| (ഡി) | സംസ്ഥാനത്തിന്റെ ഏതെങ്കിലും ആവശ്യത്തിന്മേൽ പ്രധാനമന്ത്രി വിശദമായി ചർച്ച നടത്തുകയുണ്ടായോ ? | | |

സെക്ഷൻ ഓഫീസർ